കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ സംബന്ധിച്ച്

185 (4988) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും റിട്ടയർ ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകാതിരിക്കുന്നതിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(ബി) മറ്റ് ക്ഷേമനിധികളിൽ നിലവിലുള്ളത് പോലെ ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശകളിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്ഷേമനിധി ഫണ്ടിൽനിന്നും റിട്ടയർചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിക്ഷേപം തിരികെ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെയുള്ള ബോർഡുകൾക്ക് സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് പെൻഷൻ നൽകുന്നത്. അടുത്ത പത്തുവർഷം കൊണ്ട് പെൻഷൻകാരുടെ എണ്ണം ഇരട്ടിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ ടി ബോർഡിൽനിന്നും റിട്ടയർമെന്റ് ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കാനാവില്ല. ആയതിനാൽ കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും വിരമിച്ച തൊഴിലാളികൾക്ക് അടച്ച തുക തിരികെ നൽകാൻ സാധിക്കില്ല.

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ബോർഡുകളിൽ സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് പെൻഷൻ നൽകുന്നത്. കൂടാതെ അടുത്ത പത്തുവർഷംകൊണ്ട് പെൻഷൻകാരുടെ എണ്ണം ഇരട്ടിക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ ബോർഡിൽനിന്നും റിട്ടയർമെന്റ് ആനുകൂല്യം കൂടി നൽകുന്ന കാര്യം പരിഗണിക്കാനാവില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly